# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പീരുമേട് ഗ്രാമപഞ്ചായത്ത്-പാലിയേറ്റീവ് കെയർ പദ്ധതി-ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം.79/13/തസ്വഭവ തിരുവനന്തപുരം, തീയതി.09/01/2013

---

പരാമർശം:-(1)പീരുമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.06.2012-ലെ എ3-1899/12 നമ്പർ കത്ത്

(2) പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 11.10.12 ലെ മീറ്റിംഗിലെ IX(2)-ാം നമ്പർ തീരുമാനം.

(3) 4.12.12 തീയതിയിൽ നടന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.14-ാം നമ്പർ തീരുമാനം.

## ഉത്തരവ്

പീരുമേട് ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് വിനിയോഗിച്ച് ഒരു ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതിക്കായി പീരുമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം ഒന്ന് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പീരുമേട് ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി ആംബുലൻസ് വാങ്ങി പ്രദേശത്തെ സർക്കാർ ആശുപത്രിക്കോ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനോ കൈമാറണമെന്നും പരിപാലന ചുമതല ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് ആയിരിക്കണമെന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ച് ഒരു ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ&എ), തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പീരുമേട് ഗ്രാമപഞ്ചായത്ത്, ഇടുക്കി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ